**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1511** **28-07-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് - തൊഴിൽ മേഖലയിലെ പ്രതിസന്ധികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് മൂലം ലൈറ്റ് ആന്റ് സൗണ്ട്, പന്തൽ എന്നീ മേഖലയിൽ തൊഴിൽ നഷ്ടപ്പെട്ട തൊഴിൽ ഉടമകളും തൊഴിലാളികളും കടുത്ത പ്രതിസന്ധിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | (എ) ഉണ്ട്. |
| (ബി) | കോവിഡ് മൂലമുണ്ടായ പ്രതിസന്ധി അവസാനിക്കുന്നതുവരെ താൽക്കാലികമായി നിശ്ചിത തുക സഹായ ധനം അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; | (ബി) | ബി) കോവിഡ് വ്യാപനത്തിന്റെ ഒന്നാം ഘട്ടത്തിൽ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള, ലൈറ്റ് ആന്റ് സൗണ്ട് , പന്തൽ അടക്കമുള്ള മേഖലയിൽ ജോലി ചെയ്യുന്ന എല്ലാ സജീവ അംഗങ്ങൾക്കും അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 1000/- രൂപ കോവിഡ് ധനസഹായം അനുവദിച്ചിരുന്നു. ഇതു കൂടാതെ ക്വാറന്റൈനിൽ ആയിരുന്ന അംഗങ്ങൾക്ക് 5000/- രൂപയും കോവിഡ് ബാധിതരായ അംഗങ്ങൾക്ക് 10000/- രൂപയും ക്ഷേമനിധി ബോർഡിൽ നിന്ന് പ്രത്യേകമായി നൽകിയിരുന്നു. രണ്ടാം ഘട്ടത്തിൽ എല്ലാ സജീവ ക്ഷേമനിധി അംഗങ്ങൾക്കും 1000/- രൂപ കോവിഡ് ധനസഹായം വിതരണം ചെയ്യുന്നതാണ്. കൂടാതെ അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് 1000/- രൂപ വീതം കോവിഡ് വ്യാപനത്തിന്റെ 2 ഘട്ടങ്ങളിലും അനുവദിച്ചിട്ടുണ്ട്. കോവിഡ് മൂലമുണ്ടായ പ്രതിസന്ധി അവസാനിക്കുന്നത് വരെ താൽക്കാലികമായി നിശ്ചിത തുക സഹായ ധനം അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | നിലവിലുള്ള ലോണുകൾക്ക് പലിശ ഇളവ് നൽകുന്നതിനും, ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് പലിശ രഹിത ലോണുകൾ നൽകുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | സി) കോവിഡ് -19 രണ്ടാംഘട്ട വ്യാപനം സൃഷ്ടിച്ച പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ സൂക്ഷ്മ ഇടത്തരം സംരംഭങ്ങളുടെ (MSME) നിലവിലുള്ള വായ്പകൾക്ക്, വായ്പകളെ തരംതാഴ്ത്താതെ തന്നെ വായ്പ റീസ്ട്രക്ചറിംഗ് അനുവദിക്കുന്ന രീതിയിൽ Resolution |

| | | | | |
|---|---|---|---|---|
| | | | | Framework 2.0- Resolution of Covid-19 related stress of Micro, Small and Medium Enterprises (MSMEs) പ്രകാരവും വ്യക്തികളുടേയും ചെറിയ സംരംഭങ്ങളുടേയും അർഹതപ്പെട്ട വായ്പകൾക്കായി വായ്പകളെ തരംതാഴ്ത്താതെ തന്നെ വായ്പ റീഷെഡ്യൂളിംഗ് അനുവദിച്ചും രണ്ടു വർഷം വരെ മോറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിലും Resolution Framework 2.0- Resolution of Covid-19 related stress of Individual and Small Business പ്രകാരവും മാർഗ്ഗനിർദ്ദേശങ്ങൾ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും റിസർവ് ബാങ്ക് മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പ്രസ്തുത ആനുകൂല്യങ്ങൾക്കായി ബന്ധപ്പെട്ട ബാങ്കുകളെ സമീപിക്കാവുന്നതും ബാങ്കുകൾ റിസർവ് ബാങ്ക് മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അർഹത പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതുമാണ്. മോറട്ടോറിയം കാലയളവിലെ പലിശയും പിഴപലിശയും ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് റിസർവ് ബാങ്ക് ഗവർണറോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്. ദേശീയ വാണിജ്യബാങ്കുകളിലെ വായ്പകളുടെ പലിശ നിരക്കുകൾ തീരുമാനിക്കുന്നത് റിസർവ് ബാങ്കിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി അതാത് ബാങ്കുകളുടെ ഭരണസമിതിയാണ്. |

സെക്ഷൻ ഓഫീസർ